പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 284 21.06.2013-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവനപദ്ധതികൾ

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി. കെ.കെ. ലതിക | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവന പദ്ധതികൾ ഏതൊക്കെയാണ് ; | (എ) | ബ്ലോക്ക് പഞ്ചായത്തുകളിലൂടെ ഇന്ദിര ആവാസ് യോജന നടപ്പിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവന്നിരുന്ന ഇ.എം.എസ്. ഭവന പദ്ധതിയുടെ കാലാവധി 2012 മാർച്ച് 31-ന് അവസാനിച്ചിട്ടുണ്ട്. ഐ.എ.വൈ അല്ലാതെ മറ്റു ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്കു വിധേയമായി പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ 11.03.2013-ലെ സ.ഉ (എം.എസ്)83/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി, രാജീവ് ആവാസ് യോജന എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നത് എപ്രകാരമാണ്; ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എത്രയായിരിക്കും; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വയം കണ്ടെത്തുന്ന ഫണ്ട്, തനത് ഫണ്ട്, വികസന ഫണ്ട് മുതലായവ ഉപയോഗിച്ചായിരിക്കണം പുതുതായി ഏറ്റെടുക്കുന്ന പദ്ധതികളിൽ സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടത്. ഇന്ദിര ആവാസ്യോജന പ്രകാരം അനുവദനീയമായ പരമാവധി ധനസഹായം 2012-13-ൽ 48,500/- (നാൽപ്പത്തിയെട്ടായിരത്തി അഞ്ഞൂറ്) രൂപയായിരുന്നു. ഇതിൽ കേന്ദ്ര വിഹിതം 36,375/- (മുപ്പത്തിയാറായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച്) രൂപ (75%), സംസ്ഥാന വിഹിതം 12,125/- (പന്ത്രണ്ടായിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച്)രൂപ (25%). എന്നാൽ 2013-14-ൽ അനുവദനീയമായ പരമാവധി ധനസഹായം 70,000/- (എഴുപതി |

| | | | |
|---|---|---|---|
| | | | (നായിരം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്ക് നൽകി വരുന്ന ഭവന നിർമ്മാണത്തിനുള്ള ധനസഹായം പട്ടിക ജാതി വിഭാഗത്തിനും പൊതു വിഭാഗത്തിനും 2,00,000/- (രണ്ടു ലക്ഷം) രൂപയായും പട്ടിക വർഗ്ഗ വിഭാഗത്തിന് 2,50,000/-(രണ്ട് ലക്ഷത്തി അമ്പതിനായിരം ) രൂപയായും വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിരുന്നു. ഇതുമൂലമുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത ഇപ്പോൾ നിലവിലുള്ള അനുപാതമായ 25:50:25 എന്ന നിരക്കിൽ ഗ്രാമ/ ബ്ളാക്ക്/ജില്ലാ പഞ്ചായത്തുകൾ വഹിക്കേണ്ടതാണ്. |
| (സി) | ഭവനപദ്ധതികൾ മുഖേന നൽകി വരുന്ന ധനസഹായത്തുക വർദ്ധിപ്പിച്ചതനുസരിച്ച്, ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാത്തതുമൂലം പ്രസ്തുത പദ്ധതി അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഭവന നിർമ്മാണ ധനസഹായ നിരക്ക് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇ.എം.എസ് ഭവന പദ്ധതിയിലും ഐ.എ.വൈ-യിലും അധിക തുക കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ഡി) | 2011-12, 2012-13 വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾ പ്രകാരം വീടുപണി തുടങ്ങിയവർക്ക് ധനസഹായം പൂർണ്ണതോതിൽ ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | ഇ.എം.എസ്, ഐ.എ.വൈ ഭവന പദ്ധതികളിൽ ഭവന നിർമ്മാണത്തിനുള്ള സബ്സിഡി തുക വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകിയ സാഹചര്യത്തിൽ പുതുക്കിയ നിരക്കിൽ ധനസഹായം നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിക തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നോ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നോ വായ്പയെടുക്കാവുന്നതാണെന്ന് 14.03.2013-ലെ സ.ഉ (എം.എസ്)90/13/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വായ്പയെടുക്കുമ്പോൾ 11.25% വരെയുള്ള വായ്പാ പലിശ സർക്കാർ വഹിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (എം.എസ്)നം.83 /13/തസ്വഭവ തിരുവനന്തപുരം, തീയതി: 11.03.2013.

---

പരാമർശം:- 1) 07.11.2009-ലെ സ.ഉ(എം.എസ്)നം.207/2009/തസ്വഭവ.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 07.03.2013-ലെ 2.2, 3.24 എന്നീ തീരുമാനങ്ങൾ.

## <u>ഉത്തരവ്</u>

പ്രാദേശികമായി ഭവന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സർക്കാരിന്റെ അനുവാദം തേടി പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുന്നോട്ട് വന്നിട്ടുള്ള സാഹചര്യത്തിൽ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വയം കണ്ടെത്തുന്ന ഫണ്ട് ഉപയോഗിച്ചായിരിക്കണം (തനത് ഫണ്ട്, വികസന ഫണ്ട്, വായ്പ മുതലായവ) പദ്ധതി നടപ്പിലാക്കേണ്ടത്.
2) വായ്പ എടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണം.
3) വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നതല്ല.
4) വായ്പ തുകയും പലിശയും തദ്ദേശ സ്വയംഭരണ സ്ഥാപനം വായ്പ എടുക്കുന്ന ധനകാര്യ സ്ഥാപനത്തിൽ കരാർ പ്രകാരം തിരിച്ചടയ്ക്കേണ്ടതാണ്. വായ്പ തുക വികസന ഫണ്ടിൽ നിന്നും, പലിശ തനത് ഫണ്ടിൽ/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടതാണ്.
5) വായ്പയുടെ തിരിച്ചടവിന്റെ കാലാവധി പത്തു വർഷത്തിൽ കവിയരുത്.
6) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഇ.എം.എസ് ഭവന പദ്ധതിയുടെ മാർഗ നിർദ്ദേശം അനുസരിച്ചായിരിക്കണം.
7) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമോ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കിയ മറ്റേതെങ്കിലും ഭവന പദ്ധതി പ്രകാരമോ എടുത്ത വായ്പാതുകയുടെയും, പുതിയ ഭവന പദ്ധതി പ്രകാരം എടുത്ത വായ്പാ തുകയുടെയും പ്രതിവർഷ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസന ഫണ്ടിന്റെ 15% ൽ കവിയാൻ പാടില്ലാത്തതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്. ജലീൽ**

ഗവ.സ്പെഷ്യൽ സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

(.....2)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
~~പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്~~
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ യൂണിറ്റ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ/ജനറൽമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ &ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന - ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (ഡി.എ/ഡി.സി/ഡി.ഡി )വകുപ്പിന്.

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതിയും ഇന്ദിരാ ആവാസ് യോജനയും - ധനസഹായം - സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതും 2012-13 പ്ലാൻ ഫണ്ടിൽ ചെലവാകാത്ത തുക വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (എം.എസ്)നം.90 /13/തസ്വഭവ തിരുവനന്തപുരം, തീയതി: 14.03.2013.

==========================================================

പരാമർശം:- 1) 07.11.2009-ലെ സ.ഉ(എം.എസ്)നം.207/2009/തസ്വഭവ.

2) 02.01.2012-ലെ സ.ഉ(എം.എസ്)നം.2/2012/തസ്വഭവ.

3) 27.02.2012-ലെ സ.ഉ (എം.എസ്)നം.52/2012/തസ്വഭവ.

4) 16.03.2012-ലെ സ.ഉ(എം.എസ്)നം.68/2012/തസ്വഭവ.

5) 07.12.2012-ലെ സ.ഉ(എം.എസ്)നം.327/2012/തസ്വഭവ.

6) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 22.02.2013-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഇ.എം.എസ്. ഭവന പദ്ധതിയിലെയും ഇന്ദിരാ ആവാസ് യോജനയിലെയും ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം ലഭ്യമാക്കുന്നതിന് ഹഡ്കോയിൽ നിന്നും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (KSHB)മുഖാന്തിരം 8.75% പലിശ നിരക്കിൽ 600 കോടി രൂപയുടെ വായ്പയെടുക്കുന്നതിന് അനുമതി നൽകി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. അങ്ങനെ വായ്പയെടുക്കുന്ന തുകയിൽ നിന്ന് 400 കോടി രൂപ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് (പുതുക്കിയ നിരക്കിൽ) അധിക ധനസഹായം നൽകുന്നതിന് നീക്കിവെക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രസ്തുത വായ്പ ഹഡ്കോയിൽ നിന്നും എടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് ബുദ്ധിമുട്ടുണ്ട് എന്ന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ലഭ്യമാക്കുന്നതിനും പുതുക്കിയ നടപടിക്രമങ്ങൾ അംഗീകരിക്കേണ്ടതുണ്ട്.

2) ഇ.എം.എസ്. ഭവന പദ്ധതിയിലെയും ഐ.എ.വൈ പദ്ധതിയിലെയും ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ 22.02.2013-ൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ചർച്ച ചെയ്യുകയുണ്ടായി. ചീഫ് സെക്രട്ടറി തലവനായ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

**ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി**

3) ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിൻകീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി സമാഹരിക്കേണ്ട തുക 400 കോടി രൂപയാണ്. അവർ ഈ തുക വായ്പയിലൂടെ സമാഹരിക്കേണ്ടതാണ്. വായ്പയുടെ മുതൽ ഇനത്തിലുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ പത്തുവർഷക്കാലയളവിൽ വർഷം തോറും തിരിച്ചടയ്ക്കേണ്ടതാണ്. പലിശയിനത്തിലുള്ള തുക സർക്കാർ വഹിക്കുന്നതാണ്. ഇത് വർഷംതോറും ബഡ്ജറ്റ് വിഹിതത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്.

4) വായ്പയ്ക്കായി അപേക്ഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 400 കോടി രൂപ ഉടനടി ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്ക് (KSCB) -ന് കഴിയാത്ത സാഹചര്യത്തിൽ, ഈ തുക പ്രാഥമിക സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നിങ്ങനെയുള്ള ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിലൂടെ അനുവദിക്കുന്നതാണ്. ഈ ഉദ്ദേശ്യത്തിലേക്കായി ഫണ്ട് ആവശ്യമായി വരുന്ന ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും തങ്ങളുടെ മേഖലയിലുള്ള ഏതെങ്കിലും പ്രാഥമിക സഹകരണ ബാങ്കിനേയോ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിനേയോ സമീപിക്കാവുന്നതും അവരുമായി തന്നെ നെഗോഷ്യേറ്റ് ചെയ്ത് വായ്പയെടുക്കാവുന്നതുമാണ്. വായ്പയുടെ അളവ്, 31.03.2012-നോ അതിനു മുമ്പോ അനുവദിക്കുകയും നിലവിൽ ഇന്നേവരെയും പൂർത്തിയാക്കപ്പെടാത്തതുമായ വീടുകളുടെ കാര്യത്തിൽ, അവശേഷിക്കുന്ന സർക്കാർ വിഹിതം നൽകുന്നതിനു വേണ്ട തുകയേക്കാൾ കവിയാൻ പാടുള്ളതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളുമായോ, ജില്ലാ സഹകരണ ബാങ്കുമായോ വായ്പാ കാര്യത്തിൽ ധാരണാപത്രം (loan agreement) ഒപ്പുവയ്ക്കേണ്ടതും. ആവശ്യമായ തുക നേരിട്ട് വാങ്ങേണ്ടതുമാണ്.

5) പലിശ സർക്കാർ വഹിക്കേണ്ടതിനാൽ പലിശ നിരക്കിന് പരിധി ഉണ്ടായിരിക്കുന്നതാണ്. സഹകരണ ബാങ്കുകൾ നേരത്തേ 10% നിരക്കിലാണ് വായ്പ നൽകിയിരുന്നതെന്ന വസ്തുത കണക്കിലെടുത്ത്, ഈ പരിധി 10.75% ആയി നിജപ്പെടുത്തുന്നു. അതായത് 10.75% നിരക്ക് വരെയുള്ള പലിശ മാത്രമേ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുള്ളു. 10.75% -ൽ അധികരിക്കുന്ന ഏതൊരു പലിശ തുകയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്.

6) സർക്കാരിന്റെ പലിശയിനത്തിലുള്ള ബാദ്ധ്യത കണക്കാക്കുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വായ്പ സംബന്ധമായ വിശദാംശങ്ങൾ 2013 ജൂൺ 30 നു മുമ്പായി സർക്കാരിൽ (തദ്ദേശ സ്വയംഭരണ വകുപ്പിൽ) ലഭ്യമാക്കേണ്ടതാണ്. പലിശയിനത്തിലുള്ള കേരള സർക്കാരിന്റെ ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിലേയ്ക്കായി ഇക്കാര്യം ധനകാര്യ വകുപ്പിനെ അറിയിക്കേണ്ടതുണ്ട് എന്നതിനാലാണിത്.

(. . . .3)

7) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിലേയ്ക്കായി നെഗോഷ്യേറ്റ് ചെയ്യുന്നതിനും, ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനും കുറേക്കൂടി സമയം വേണ്ടിവരുമെന്നതിനാൽ 2012-13-ലെ പ്ലാൻ ഫണ്ടിലെ ചെലവഴിക്കാതെ ബാക്കിയായ തുകയിൽ നിന്നും ഇക്കാര്യത്തിൽ അടിയന്തിരമായി ആവശ്യമായി വരുന്ന തുക വിനിയോഗിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇങ്ങനെ ചെലവഴിക്കുന്നതിൽ SCP/TSP ഫണ്ടുകൾ യഥാക്രമം പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് മാത്രമേ വിനിയോഗിക്കാവൂ. ഇങ്ങനെ ചെലവഴിയ്ക്കാതെ അവശേഷിയ്ക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും ഇത്തരത്തിൽ വിനിയോഗിക്കുന്ന തുക, വായ്പയ്ക്കായുള്ള ധാരണാപത്രം ഒപ്പുവെച്ച് വായ്പ ലഭ്യമായാലുടൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് പ്ലാൻ ഫണ്ടിനത്തിൽ വരവു വയ്ക്കേണ്ടതാണ്.

8) 2012-13 -ലെ ചെലവഴിയ്ക്കാത്ത പ്ലാൻ ഫണ്ടിൽ നിന്നും ഇത്തരത്തിൽ ഇ.എം.എസ് പദ്ധതിയ്ക്കായി ചെലവഴിക്കുന്ന അധിക തുക, 2012-13-ലെ പദ്ധതി ചിലവിന്റെ അടിസ്ഥാനത്തിൽ 2013-14 -ലെ പദ്ധതിവിഹിതത്തിലെ കുറവ് നിശ്ചയിക്കുമ്പോൾ 2012-13 -ലെ പദ്ധതി ചെലവായി കണക്കാക്കുന്നതാണ്.

**ഇന്ദിരാ ആവാസ് യോജന**

9) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി സർക്കാർ ലഭ്യമാക്കേണ്ടത് 200 കോടി രൂപയാണ്. വായ്പയുടെ മുതലിനത്തിലെയും പലിശയിനത്തിലെയും തുക തിരിച്ചടയ്ക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമായിരിക്കും.

10) ഹഡ്കോയിൽ നിന്നും അടിയന്തിരമായി 200 കോടി രൂപ വായ്പയെടുത്തു നൽകുവാൻ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കഴിയില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ഈ തുകയും സഹകരണ മേഖലയിലെ ത്രിതല ബാങ്കിംഗ് സംവിധാനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമാഹരിക്കാവുന്നതാണ്. മുതലും 10.75%-ത്തിൽ അധികരിക്കാത്ത പലിശയും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്നീട് നൽകുന്നതാണ്.

11) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിലൂടെ നേരിട്ട് വായ്പ എടുക്കുകയാണെങ്കിലും (ഇ.എം.എസ്. ഭവനപദ്ധതിയിലെ പോലെ) പലിശ നിരക്ക് ഉയർന്നത് (10.75%) ആയതിനാൽ വായ്പാ തിരിച്ചടവ് 10 വർഷ കാലയളവാകണമെന്നില്ല. ഇക്കാര്യത്തിലെ ബാധ്യത തീർക്കാൻ സർക്കാർ എത്രയും പെട്ടെന്ന് തയ്യാറാകുന്നതാണ്.

12) മേൽപ്പറഞ്ഞവയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, ഗ്രാമവികസന വകുപ്പ് മുതലായവ 31.03.2013-ന് മുമ്പ് ബന്ധപ്പെട്ട ഡിമാന്റ് ഫോർ ഗ്രാന്റിൽ നിന്നും സറണ്ടർ ചെയ്യുന്ന തുക എത്രയാണോ അത് സർക്കാർ ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം തദ്ദേശ സ്വയംഭരണ

(. . . 4)

സ്ഥാപനങ്ങൾക്ക് റിലീസ് ചെയ്യുന്നതാണ്. ബാക്കി ആവശ്യമായ തുക (ആവശ്യമായ 200 കോടി രൂപയിൽ നിന്നും) അടുത്ത വർഷത്തെ ബഡ്ജറ്റിൽ 2013 ഏപ്രിൽ/മെയ് മാസങ്ങളിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റിലീസ് ചെയ്യുന്നതാണ്.

13) ആവശ്യമായ ഫണ്ട് സമാഹരിയ്ക്കുന്നതിലേയ്ക്കായി ത്രിതല സഹകരണ ബാങ്കിങ് സംവിധാനത്തിൽ നിന്നും കടമെടുക്കുന്നതിനായി ഏത് സഹകരണ ബാങ്കുമായും നെഗോഷ്യേറ്റ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓപ്ഷനും ഉണ്ടായിരിക്കുന്നതാണ്. 2012-13-ലെയും 2013-14-ലെയും ബഡ്ജറ്റിൽ നിന്നും മുഴുവൻ മുതലും പലിശയും സംസ്ഥാന സർക്കാർ തിരിച്ചടയ്ക്കുന്നതാണ്. ഇത്തരം ലോണുകൾ 31.03.2013 നു ,മുമ്പായി എടുത്തിരിയ്ക്കണം. 1.4.2013-നു ശേഷം വായപ് എടുക്കുവാൻ പാടുള്ളതല്ല. അത്തരത്തിൽ ,വായ്പയെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വായ്പയുടെ വിശദവിവരങ്ങൾ മുതലും, പലിശയും സംസ്ഥാന സർക്കാരിന്റെ ബാധ്യത കണക്കാക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന് ഉടൻ ലഭ്യമാക്കേണ്ടതാണ്. മുതലും പലിശയും ഇനത്തിൽ കേരള സർക്കാരിന്റെ ബാദ്ധ്യത കണക്കാക്കുന്നതിലേയ്ക്കായി ഇക്കാര്യം ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതിനാലാണ് ഇത്.

14) ആവശ്യമെങ്കിൽ 2012-13-ലെ പ്ലാൻ ഫണ്ടിലെ ചെലവഴിക്കാതെ ബാക്കിയായ തുകയിൽ നിന്നും ഇക്കാര്യത്തിൽ അടിയന്തിരമായി ആവശ്യമായി വരുന്ന തുക വിനിയോഗിയ്ക്കുന്നതിനും സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇങ്ങനെ ചെലവഴിക്കുന്നതിൽ SCP/TSP ഫണ്ടുകൾ യഥാക്രമം പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ ഐ.എ.വൈ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് മാത്രമേ വിനിയോഗിക്കാവൂ. ഇങ്ങനെ ചെലവഴിയ്ക്കാതെ അവശേഷിയ്ക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും ഇത്തരത്തിൽ വിനിയോഗിക്കുന്ന തുക, വായ്പയ്ക്കായുള്ള ധാരണാപത്രം ഒപ്പുവെയ്ക്കുകയും വായ്പ ലഭ്യമാകുകയും ചെയ്യാലോ, സർക്കാരിൽ നിന്നും പണം ലഭിക്കുകയും ചെയ്യാലോ ഉടൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിനത്തിൽ തിരിച്ച് വരവു വയ്ക്കേണ്ടതാണ്.

15) 2012-13 -ലെ ചെലവഴിയ്ക്കാത്ത പ്ലാൻ ഫണ്ടിൽ നിന്നും ഇത്തരത്തിൽ ഇ.എം.എസ് പദ്ധതിയ്ക്കായി ചെലവഴിക്കുന്ന അധിക തുക, 2012-13-ലെ പദ്ധതി ചിലവിന്റെ അടിസ്ഥാനത്തിൽ 2013-14-ലെ പദ്ധതിവിഹിതത്തിലെ കുറവ് നിശ്ചയിക്കുമ്പോൾ 2012-13 -ലെ പദ്ധതി ചെലവായി കണക്കാക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ. ജോസ് സിറിയക്**

ചീഫ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും

(. . . .5)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, സഹകരണ വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
രജിസ്ട്രാർ, സഹകരണ സംഘം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ യൂണിറ്റ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ/ജനറൽമാർക്കും
എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ &ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന - ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (ഡി.എ/ഡി.സി/ഡി.ഡി )വകുപ്പിന്.